പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 6106 07/11/2016 - ൽ മറുപടിയ്ക്ക്

## ആസിയാൻ ഡബ്ല്യൂ.ടി.ഒ. കരാറുകൾ മൂലം കാർഷികോല്പന്നങ്ങൾക്കുണ്ടായ വിലയിടിവ്

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീമതി ഗീത ഗോപി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. കെ. രാജൻ

ഉത്തരം

ശ്രീ. വി.എസ്. സുനിൽകുമാർ

കൃഷി വകുപ്പ് മന്ത്രി

എ. ആസിയാൻ കരാർ, ഡബ്ല്യൂ.ടി.ഒ. കരാർ എന്നിവ മൂലം കേരളത്തിലെ കാർഷികോത്പന്നങ്ങൾക്ക് ഉണ്ടായിട്ടുള്ള വിലയിടിവ് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

ആസിയാൻ കരാറും ഡബ്ല്യൂ.ടി.ഒ. കരാറും കാർഷിക മേഖലയെ എങ്ങനെ ബാധിക്കും എന്നതിനെ കുറിച്ച് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായി (സി.ഡി.എസ്.) സഹകരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള ഡബ്ല്യൂ.ടി.ഒ. സെൽ ഒരു പഠനം നടത്തിയിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളിലും കേരളത്തിലും സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷി രീതികളും ഉള്ളതിനാൽ നമ്മുടെ കാർഷിക വിളകളിൽ പലതും ഈ രാജ്യങ്ങളിലും കൃഷി ചെയ്തു വരുന്നു . ഈ വിളകളുടെ ഉത്പാദനം കേരളത്തെ അപേക്ഷിച്ച് ആസിയാൻ രാജ്യങ്ങളിൽ കൂടുതലാണ് , കൂടാതെ ഉത്പാദന ചെലവും ഉപഭോഗവും കുറവുമാണ്. പ്രസ്തുത കരാറുകൾ കാരണം ആസിയാൻ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക്

ചില കാർഷിക ഉല്പന്നങ്ങൾ കുറഞ്ഞ തീരുവയിൽ ഇറക്കുമതി ചെയ്യപ്പെടുന്നു. ആയതിനാൽ ആസിയാൻ കരാറും ഡബ്ള്യൂ.ടി.ഒ.കരാറും മൂലം കേരളത്തിലെ കാർഷികോത്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടായിട്ടുണ്ട് .

| | |
|---|---|
| ബി പ്രസ്തുത കരാറുകളുടെ ഭാഗമായുള്ള അനിയന്ത്രിതമായ ഇറക്കുമതി മൂലം പ്രതിസന്ധിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കുമോ ? | ആസിയാൻ , ഡബ്ള്യൂ.ടി .ഒ . കരാറുകൾ മൂലം പ്രതിസന്ധിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ കാർഷിക വികസന പദ്ധതികൾ , വിള ഇൻഷ്വറൻസ് പദ്ധതി , വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളായ നെല്ലിനും നാളികേരത്തിനും ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ നടപടികൾ നടപ്പിലാക്കുന്നുണ്ട്. സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ റബ്ബർ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.കൂടാതെ വിലയിടിവുമൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട് .ഇതിനു പുറമെ പ്രസ്തുത കരാറുമൂലം കേരളത്തിന്റെ കാർഷിക രംഗത്തുണ്ടായിട്ടുള്ള ഗുരുതരമായ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയും അവ പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് . |

**SHAJAN.A**
**Under Secretary**
**Agriculture (WTO Cell)**
**Govt. Secretariat, Thiruvananthapuram**